ആയുർവേദ ഒറ്റമൂലി മരുന്നുകൾ, ചികിത്സാരീതികൾ എന്നിവ പരിരക്ഷിക്കാൻ നടപടി

*18 [261] *ശ്രീ. കെ. മുഹമ്മദാലി:*

„ *പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ചികിത്സാരംഗത്ത് അറിയപ്പെടുന്ന ഒറ്റമൂലി മരുന്നുകൾ, മറ്റു ചികിത്സാരീതികൾ എന്നിവ നശിക്കാതെ പരിരക്ഷിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

(ബി) ഇക്കാര്യങ്ങളിലുള്ള അറിവ് വിദേശികൾ ചോർത്തിക്കൊണ്ട് പോകാതിരിക്കുവാൻ എന്തെല്ലാം മുൻകരുതലുകൾ എടുത്തിട്ടുണ്ട് എന്ന് അറിയിക്കാമോ?

ആരോഗ്യവകുപ്പുമന്ത്രി *(ശ്രീ.കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) ഉണ്ട്. ബൗദ്ധിക സ്വത്തവകാശനയം രൂപീകരിക്കുന്നതിനായി നിയമ വകുപ്പിൽ നിയമ വകുപ്പ് സെക്രട്ടറി ചെയർമാനായി ഒരു കോർ കമ്മിറ്റിയും, ആയുർവേദ ചികിത്സാ രംഗത്ത് അറിയപ്പെടുന്ന ഒറ്റമൂലി മരുന്നുകൾ, മറ്റു ചികിത്സാ രീതികൾ എന്നിവ ക്രോഡീകരിച്ച് ഡിജിറ്റൈസ് ചെയ്ത് സംരക്ഷിക്കുവാൻ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കേന്ദ്രീകരിച്ച് രൂപവൽക്കരിച്ചിട്ടുള്ള പേറ്റന്റ് സെല്ലിലും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നിയമവകുപ്പിൽ ഒരു ഇന്റലക്ച്വൽ പ്രോപ്പർട്ടി ഇൻഫർമേഷൻ സിസ്റ്റം സ്ഥാപിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഈ അറിവുകൾ ഡിജിറ്റൈസ് ചെയ്ത് അന്താരാഷ്ട്ര തലത്തിൽ പ്രസിദ്ധം ചെയ്ത് വിദേശികൾ പേറ്റന്റ് എടുക്കാതെ സംരക്ഷിക്കാൻ നടപടികൾ എടുത്തുവരുന്നു.

പോലീസിന്റെ പ്രവർത്തനം മാതൃകാപരമാക്കാൻ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ

*19 [262] *ശ്രീ. വി. ചെന്താമരാക്ഷൻ:*

„ *എം. വി. ജയരാജൻ:*

„ *റ്റി. കെ. ദേവകുമാർ:*

„ *എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിന്റെ പ്രവർത്തനം മാതൃകാപരമാണെന്ന് കരുതുന്നുണ്ടോ;

(ബി) പോലീസിന്റെ പ്രവർത്തനം മാതൃകാപരമാക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly